ടി.കെ ഉബൈദ്

1262

സൂറ - 49

# അല്‍ ഹുജുറാത്ത്

الحجرات

### സൂക്തം 1-5

അല്ലയോ സത്യവിശ്വാസികളേ -يَا أَيُّهَا الَّذِينَ آمَنُوا - എന്ന് സംബോധന ചെയ്തുകൊണ്ട് സൂറ തുടങ്ങുന്നതും അര്‍ഥവത്താണ്. സത്യവിശ്വാസികള്‍ നിര്‍ബന്ധമായി അനുസരിക്കേണ്ട നിയമങ്ങളാണിനി പറയുന്നതെന്നും സത്യവിശ്വാസം -ഈമാന്‍- സാര്‍ഥകമാകാന്‍ അവ പാലിക്കപ്പെടേണ്ടതുണ്ടെന്നുമാണ് അതിന്റെ താല്‍പര്യം. ഇതുപോലുള്ള നിയമങ്ങള്‍ അനുശാസിക്കുന്ന മറ്റു നാലിടങ്ങളില്‍ കൂടി ഈ സൂറയില്‍ ഈ സംബോധന കാണാം. ഈ നിയമങ്ങളും മര്യാദകളും പാലിക്കുന്നതിലൂടെയാണ് വിശ്വാസികള്‍ മുത്തഖികള്‍ -അല്ലാഹുവിനെ സൂക്ഷിക്കുന്നവരും ഭയഭക്തിയുള്ളവരുമാകുന്നത്.

## ആമുഖം

4-ാം സൂക്തത്തില്‍ വന്നിട്ടുള്ള 'ഹുജുറാത്ത്' എന്ന പദമാണ് സൂറയുടെ നാമമായി സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഈ സൂറക്ക് ഇതല്ലാതെ വേറെ പേരുള്ളതായി അറിയപ്പെട്ടിട്ടില്ല. ഹിജ്‌റ ഒമ്പതാം ആണ്ടില്‍ മദീനയിലാണ് അവതരണം. ഇതിലെ 13-ാം സൂക്തം മക്കാവിമോചന വേളയില്‍ മക്കയിലാണവതരിച്ചതെന്ന് വാഹിദി തന്റെ *അസ്ബാബുന്നുസൂലില്‍* പറയുന്നുണ്ടെങ്കിലും അതിന് സ്ഥിരീകരണമില്ല. മുസ്വ് ഹഫില്‍ 49-ാമത്തെതായി ചേര്‍ത്തിരിക്കുന്ന ഈ സൂറ അവതരണക്രമപ്രകാരം 108-ാമത്തേതാണ്. *സൂറത്തുല്‍ മുജാദലക്കു* ശേഷവും *സൂറത്തുത്തഹ് രീമിന്* മുമ്പുമായിട്ടാണ് അവതരണം. മുഫസ്സ്വലായ സൂറകളില്‍ (سورة المفصّل) ആദ്യത്തേതാണ് *അല്‍ ഹുജുറാത്ത്* എന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം. ഹമ്പലികളുടെ വീക്ഷണത്തില്‍ ആദ്യത്തെ മുഫസ്സ്വല്‍ സൂറ 'ഖാഫ്' ആകുന്നു. ഫര്‍ദ് നമസ്‌കാരങ്ങളില്‍ പാരായണം ചെയ്യുന്നത് അഭികാമ്യമായ സൂറകളാണ് മുഫസ്സ്വല്‍ എന്നറിയപ്പെടുന്നത്.

സത്യവിശ്വാസികള്‍ പാലിക്കേണ്ട അച്ചടക്ക നിയമങ്ങളും സാംസ്‌കാരിക മര്യാദകളുമാണ് *സൂറത്തുല്‍ ഹുജുറാത്തി*ന്റെ ഉള്ളടക്കം. ആത്മീയാചാര്യനും രാഷ്ട്രത്തലവനുമായ പ്രവാചകനോട് പെരുമാറേണ്ടതെങ്ങനെ, അദ്ദേഹത്തെ സന്ദര്‍ശിക്കുമ്പോള്‍ സംസാരിക്കേണ്ടതെങ്ങനെ എന്നൊക്കെ ആദ്യം വിശദീകരിക്കുന്നു. സമൂഹത്തില്‍ പ്രചരിക്കുന്ന വാര്‍ത്തകളെയും കിംവദന്തികളെയും എങ്ങനെ സമീപിക്കണമെന്നാണ് തുടര്‍ന്ന് പറയുന്നത്. അനന്തരം, സമൂഹത്തിലെ വിവിധ വിഭാഗങ്ങള്‍ തമ്മില്‍ കലഹിക്കാനിടയായാല്‍ അത് രമ്യമായി പരിഹരിക്കണമെന്ന് അനുശാസിക്കുന്നു.

അതിനുശേഷം, വിശ്വാസികൾ പരസ്പരം മാനിക്കുന്നവരും അഭിമാനം സംരക്ഷിക്കുന്നവരുമായിരിക്കണമെന്നു കൽപിക്കുകയാണ്. അതിന്റെ ഭാഗമായി പരസ്പര പരിഹാസവും, വാക്കുകൊണ്ടും ശരീരഭാഷകൊണ്ടും അവഹേളിക്കലും, ദുഷ്പേരുകൾ വിളിക്കലും അന്യരെക്കുറിച്ച് അടിസ്ഥാന രഹിതമായ ദുർവിചാരങ്ങൾ വെച്ചുപുലർത്തലും, പരദൂഷണം പ്രചരിപ്പിക്കലുമെല്ലാം കർശനമായി വിരോധിക്കുന്നു.

മാനുഷ്യകത്തിന്റെ ഏകാത്മകതയും സമത്വവും, ഉച്ചനീചത്വങ്ങളുടെ നിരാസവുമാണ് ഈ സൂറ നൽകുന്ന മറ്റൊരു മഹാ സന്ദേശം. വർഗപരവും വംശീയവും ഭാഷാപരവും ദേശീയവും വർണപരവുമായ വൈവിധ്യങ്ങളെയൊക്കെ അംഗീകരിക്കുന്നതോടൊപ്പം അതൊന്നും മഹത്വത്തിന്റെ മാനദണ്ഡങ്ങളോ ഉച്ചനീചത്വത്തിന്റെ ന്യായങ്ങളോ അല്ലെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു. എല്ലാം വ്യക്തികൾ തമ്മിലും ഗണങ്ങൾ തമ്മിലും തിരിച്ചറിയാനുള്ള അടയാളങ്ങൾ മാത്രമാകുന്നു. ഓരോ വ്യക്തിയെയും ഉന്നതനോ അധമനോ ആക്കുന്നത് അയാളുടെ തന്നെ കർമങ്ങൾ മാത്രമാകുന്നു.

**സത്യവിശ്വാസികൾ പാലിക്കേണ്ട അച്ചടക്ക നിയമങ്ങളും സാംസ്കാരിക മര്യാദകളുമാണ് സൂറത്തുൽ ഹുജുറാത്തിന്റെ ഉള്ളടക്കം. ആത്മീയാചാര്യനും രാഷ്ട്രത്തലവനുമായ പ്രവാചകനോട് പെരുമാറേണ്ടതെങ്ങനെ, അദ്ദേഹത്തെ സന്ദർശിക്കുമ്പോൾ സംസാരിക്കേണ്ടതെങ്ങനെ എന്നൊക്കെ ആദ്യം വിശദീകരിക്കുന്നു.**

തുടർന്ന് യഥാർഥ സത്യവിശ്വാസം -ഈമാൻ- എന്താണെന്നും വിശ്വാസി ആരാണെന്നും വിശദമാക്കുന്നു. വിശ്വാസം തൊണ്ടയിൽനിന്ന് താഴോട്ടിറങ്ങിയിട്ടില്ലാത്തവരാരാണെന്ന് ചൂണ്ടിക്കാട്ടുന്നു. അത്തരക്കാർ വിശ്വാസികൾ -മുഅ്മിനുകൾ- ആയിട്ടില്ല; മുസ് ലിംകളേ ആയിട്ടുള്ളൂ. എങ്കിലും അല്ലാഹുവിനും റസൂലിനും വഴിപ്പെട്ടുകൊണ്ട് ചെയ്യുന്ന കർമങ്ങൾക്ക് അല്ലാഹു അർഹിക്കുന്ന കർമഫലം നൽകും.

മനുഷ്യൻ അവന്റെ അൽപജ്ഞാനം കൊണ്ടും പൊള്ളയായ ചിന്തകൾകൊണ്ടും രൂപപ്പെടുത്തുന്ന വിചാരങ്ങളെ സത്യധർമമായി കരുതി അല്ലാഹുവിനെ പഠിപ്പിക്കാൻ ശ്രമിച്ചുകൂടാ. അല്ലാഹു പഠിപ്പിച്ചു തരുന്നതാണ് യഥാർഥ ദീൻ, അവനാണ് സർവജ്ഞനും സർവശക്തനും.

തങ്ങൾ ഇസ് ലാം സ്വീകരിച്ചത് അല്ലാഹുവിനോട് അല്ലെങ്കിൽ പ്രവാചകനോട്, അതുമല്ലെങ്കിൽ മുസ് ലിം സമുദായത്തോട് ചെയ്യുന്ന വലിയ ഔദാര്യമായി കരുതുന്ന ചിലരുണ്ട്. തികച്ചും മൂഢമാണവരുടെ വിചാരം. യഥാർഥത്തിൽ സത്യവിശ്വാസം കൈക്കൊള്ളാൻ ഉതവിയരുളിക്കൊണ്ട് അല്ലാഹു അവരോട് ഔദാര്യം ചെയ്തിരിക്കുകയാണ്. അവരുടെ വിശ്വാസത്തിന്റെ നേട്ടം അല്ലാഹുവിനോ റസൂലിനോ മുസ് ലിം സമുദായത്തിനോ അല്ല, അവർക്കു തന്നെയാകുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് സൂറ സമാപിക്കുന്നത്.

*സൂറത്തുൽ ഫത്ഹി*ന്റെ ഒരനുബന്ധമോ പൂരകമോ ആയി കാണാം *അൽ ഹുജുറാത്തി*നെ എന്നതാണ് രണ്ടു സൂറകളും തമ്മിലുള്ള ബന്ധം. രണ്ടു സൂറകളും പ്രവാചകനെ മഹത്വപ്പെടുത്തുകയും യഥാർഥ സത്യവിശ്വാസികളുടെ സംസ്കാരം വർണിക്കുകയും ചെയ്യുന്നു. പ്രവാചക ശിഷ്യന്മാർ പരസ്പരം പുലർത്തുന്ന സ്നേഹവായ്പും, ആദർശ വിരോധികളോടനുവർത്തിക്കുന്ന കാർക്കശ്യവും പരാമർശിച്ചുകൊണ്ടാണ് 'അൽഫത്ഹ്' സമാപിക്കുന്നത്. പ്രസ്തുത സൂറത്തിന്റെ വിശദീകരണമാണ് ഈ സൂറ മുഴുവൻ. സൂറയുടെ അവതരണകാലത്ത് മുസ് ലിം സമൂഹത്തിന്റെ സംസ്കരണം പൂർണമാകാൻ ഇത്തരമൊരു വിശദീകരണം അനിവാര്യമായിരുന്നു. പല ദിക്കുകളിൽനിന്നും സാഹചര്യങ്ങളിൽനിന്നുമുള്ള സംഘങ്ങൾ വന്ന് ഇസ് ലാം സ്വീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു അന്ന്. വിശ്വാസികൾ സമൂഹത്തിനകത്ത് പെരുമാറേണ്ട രീതി അക്കാലത്ത് വിശ്വാസികളെ, പ്രത്യേകിച്ച് പുതുവിശ്വാസികളെ വ്യക്തമായി പഠിപ്പിക്കേണ്ടത് ഇസ് ലാമിക സംസ്കൃതിയുടെ ശരിയായ രൂപവത്കരണത്തിനും നിലനിൽപിനും ഒഴിച്ചുകൂടാനാവാത്തതായിരുന്നു. ●

**അവതരണം: മദീനയിൽ** **സൂക്തങ്ങൾ: 18**

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُقَدِّمُوا۟ بَيْنَ يَدَىِ ٱللَّهِ وَرَسُولِهِۦ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ١
يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَرْفَعُوٓا۟ أَصْوَٰتَكُمْ فَوْقَ صَوْتِ ٱلنَّبِىِّ وَلَا تَجْهَرُوا۟ لَهُۥ بِٱلْقَوْلِ كَجَهْرِ
بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَـٰلُكُمْ وَأَنتُمْ لَا تَشْعُرُونَ ٢ إِنَّ ٱلَّذِينَ يَغُضُّونَ
أَصْوَٰتَهُمْ عِندَ رَسُولِ ٱللَّهِ أُو۟لَـٰٓئِكَ ٱلَّذِينَ ٱمْتَحَنَ ٱللَّهُ قُلُوبَهُمْ لِلتَّقْوَىٰ ۚ لَهُم مَّغْفِرَةٌ وَأَجْرٌ
عَظِيمٌ ٣ إِنَّ ٱلَّذِينَ يُنَادُونَكَ مِن وَرَآءِ ٱلْحُجُرَٰتِ أَكْثَرُهُمْ لَا يَعْقِلُونَ ٤
وَلَوْ أَنَّهُمْ صَبَرُوا۟ حَتَّىٰ تَخْرُجَ إِلَيْهِمْ لَكَانَ خَيْرًا لَّهُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ٥

*1*

*അല്ലയോ സത്യവിശ്വാസികളായവരേ, അല്ലാഹുവിനെയും അവന്റെ ദൂതനെയും കവച്ചുകടക്കാതിരിക്കുവിന്‍. അല്ലാഹുവിനോട് ഭയഭക്തിയുള്ളവരായിരിക്കുവിന്‍. അല്ലാഹു എല്ലാം കേള്‍ക്കുകയും അറിയുകയും ചെയ്യുന്നുവല്ലോ.*

*2*

*അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങളുടെ ശബ്ദം പ്രവാചകന്റെ ശബ്ദത്തിനു മീതെ ഉയര്‍ന്നുകൂടാ. നിങ്ങള്‍ പരസ്പരം ഒച്ചയിടുന്നതുപോലെ അദ്ദേഹത്തോട് ഒച്ചയിട്ടു സംസാരിക്കരുത്; നിങ്ങളറിയാതെ നിങ്ങളുടെ കര്‍മങ്ങള്‍ നശിച്ചു പോകാതിരിക്കാന്‍.*

*3*

*ദൈവദൂതന്റെ സന്നിധിയില്‍ ഒച്ച താഴ്ത്തുന്നവരുണ്ടല്ലോ, അവരത്രെ ദൈവഭക്തിക്കു വേണ്ടി അല്ലാഹു ഹൃദയങ്ങളെ പരീക്ഷിച്ചവര്‍. അവര്‍ക്കുള്ളതാകുന്നു പാപമുക്തിയും മഹത്തായ കര്‍മഫലവും.*

*4*

*പ്രവാചകാ, ഭവനങ്ങള്‍ക്കു പിറകില്‍നിന്ന് നിന്നെ വിളിക്കുന്നവരുണ്ടല്ലോ, അവരിലധികവും ബുദ്ധിശൂന്യരാകുന്നു.*

*5*

*നീ അവരിലേക്ക് കടന്നുവരുന്നതു വരെ ക്ഷമിച്ചിരുന്നുവെങ്കില്‍ അതായിരുന്നു അവര്‍ക്ക് ഏറെ ഗുണകരം. അല്ലാഹു ഏറെ മാപ്പരുളുന്നവനും ദയാമയനുമല്ലോ.*

| | |
|---|---|
| അല്ലയോ സത്യവിശ്വാസികളായവരേ | يَا أَيُّهَا الَّذِينَ آمَنُوا |
| നിങ്ങള്‍ മുന്തിക്കാ(കവച്ചു കടക്കാ)തിരിക്കുവിന്‍ | لَا تُقَدِّمُوا |
| അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മുമ്പില്‍ | بَيْنَ يَدَيِ اللَّهِ وَرَسُولِهِ ۖ |
| നിങ്ങള്‍ അല്ലാഹുവിനോട് ഭയഭക്തിയുള്ളവരായിരിക്കുവിന്‍ | وَاتَّقُوا اللَّهَ ۚ |
| അല്ലാഹു എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാകുന്നു(കേള്‍ക്കുകയും അറിയുകയും ചെയ്യുന്നുവല്ലോ) | إِنَّ اللَّهَ سَمِيعٌ عَلِيمٌ |
| അല്ലയോ സത്യവിശ്വാസികളായവരേ | يَا أَيُّهَا الَّذِينَ آمَنُوا |
| നിങ്ങളുടെ ശബ്ദം ഉയര്‍(ന്നുകൂടാ)ത്തരുത് | لَا تَرْفَعُوا أَصْوَاتَكُمْ |
| പ്രവാചകന്റെ ശബ്ദത്തിനു മീതെ | فَوْقَ صَوْتِ النَّبِيِّ |

**മാനുഷ്യകത്തിന്റെ ഏകാത്മകതയും സമത്വവും, ഉച്ചനീചത്വങ്ങളുടെ നിരാസവുമാണ് ഈ സൂറ നല്‍കുന്ന മറ്റൊരു മഹാസന്ദേശം. വര്‍ഗപരവും വംശീയവും ഭാഷാപരവും ദേശീയവും വര്‍ണപരവുമായ വൈവിധ്യങ്ങളെയൊക്കെ അംഗീകരിക്കുന്നതോടൊപ്പം അതൊന്നും മഹത്വത്തിന്റെ മാനദണ്ഡങ്ങളോ ഉച്ചനീചത്വത്തിന്റെ ന്യായങ്ങളോ അല്ലെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു.**

| | |
|---|---|
| സംസാരംകൊണ്ട് അദ്ദേഹത്തോട് ഒച്ചയിടുകയു മരുത് (ഒച്ചയിട്ടു സംസാരിക്കുകയുമരുത്) | وَلَا تَجْهَرُوا لَهُ بِالْقَوْلِ |
| നിങ്ങൾ ചിലർ ചിലരോട് (പരസ്പരം) ഒച്ചയിടുന്നതുപോലെ | كَجَهْرِ بَعْضِكُمْ لِبَعْضٍ |
| നിങ്ങളുടെ കർമങ്ങൾ നശിച്ചുപോകാ(തിരിക്കാ)ൻ | أَن تَحْبَطَ أَعْمَالُكُمْ |
| നിങ്ങൾ അറിയാ(തെ)ത്ത നിലയിൽ | وَ أَنتُمْ لَا تَشْعُرُونَ |
| തങ്ങളുടെ ഒച്ചകൾ താഴ്ത്തുന്നവർ (ഉണ്ടല്ലോ) | إِنَّ الَّذِينَ يَغُضُّونَ أَصْوَاتَهُمْ |
| ദൈവദൂതന്റെ അടുക്കൽ (സന്നിധിയിൽ) | عِندَ رَسُولِ اللَّهِ |
| അവരത്രെ | أُولَٰئِكَ |
| തങ്ങളുടെ ഹൃദയങ്ങളെ അല്ലാഹു പരീക്ഷിച്ചവർ | الَّذِينَ امْتَحَنَ اللَّهُ قُلُوبَهُمْ |
| ദൈവഭക്തിക്കു വേണ്ടി | لِلتَّقْوَىٰ |
| അവർക്കുള്ളതാകുന്നു | لَهُم |
| പാപമുക്തി | مَّغْفِرَةٌ |
| മഹത്തായ വേതന(കർമഫല)വും | وَأَجْرٌ عَظِيمٌ |
| പ്രവാചകാ, നിന്നെ വിളിക്കുന്നവർ (ഉണ്ടല്ലോ) | إِنَّ الَّذِينَ يُنَادُونَكَ |
| ഭവനങ്ങളുടെ പിറകിൽനിന്ന് | مِن وَرَاءِ الْحُجُرَاتِ |
| അവരിലധികവും | أَكْثَرُهُمْ |
| അവർ ബുദ്ധിപൂർവം ഗ്രഹിക്കുന്നില്ല (ബുദ്ധിശൂന്യരാകുന്നു) | لَا يَعْقِلُونَ |
| അവർ ക്ഷമിച്ചിരുന്നുവെങ്കിൽ | وَلَوْ أَنَّهُمْ صَبَرُوا |
| നീ അവരിലേക്ക് പുറപ്പെടു(കടന്നുവരുന്ന)ന്നതു വരെ | حَتَّىٰ تَخْرُجَ إِلَيْهِمْ |
| അതായിരുന്നു അവർക്ക് (ഏറെ) ഗുണകരം | لَكَانَ خَيْرًا لَّهُمْ |
| അല്ലാഹു (ഏറെ) മാപ്പരുളുന്നവനും ദയാമയനുമല്ലോ | وَاللَّهُ غَفُورٌ رَّحِيمٌ |

**മനുഷ്യൻ അവന്റെ അൽപജ്ഞാനം കൊണ്ടും പൊള്ളയായ ചിന്തകൾ കൊണ്ടും രൂപപ്പെടുത്തുന്ന വിചാരങ്ങളെ സത്യധർമമായി കരുതി അല്ലാഹുവിനെ പഠിപ്പിക്കാൻ ശ്രമിച്ചുകൂടാ. അല്ലാഹു പഠിപ്പിച്ചു തരുന്നതാണ് യഥാർഥ ദീൻ, അവനാണ് സർവജ്ഞനും സർവശക്തനും.**

ഒന്നു മുതൽ അഞ്ചു വരെയുള്ള സൂക്തങ്ങളുടെ അവതരണ നിമിത്തമായി പല സംഭവങ്ങൾ ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ബുഖാരിയും തിർമിദിയും മറ്റും ഉദ്ധരിച്ച ഒരു നിവേദനം ഇങ്ങനെ: "തമീം ഗോത്രത്തിൽനിന്നുള്ള ഒരു സംഘം മദീനയിൽ പ്രവാചകനെ സന്ദർശിക്കാനെത്തി. അപ്പോൾ അബൂബക്ർ (റ) പറഞ്ഞു: "ഖഅ്ഖാഅ് ബിൻ മഅ്ബദിനെ ഞാനവരുടെ നായകനാക്കുന്നു." ഉമർ പറഞ്ഞു: 'അല്ല, അഖ്റഅ് ബിൻ ഹാബിസിനെയാണ് ഞാൻ നേതാവാക്കുന്നത്." അബൂബക്ർ: "എന്നെ എതിർക്കുക മാത്രമാണ് തന്റെ ഉദ്ദേശ്യം." ഉമർ: "ഞാൻ തന്നെ എതിർക്കാനൊന്നും ഉദ്ദേശിച്ചില്ല." അവർ തർക്കം തുടർന്നു. വളരെ ഉച്ചത്തിലായി. ഈ പശ്ചാത്തലത്തിലാണ് ഒന്നാം സൂക്തം അവതരിച്ചത്."

ഇബ്നു ജരീർ പ്രസ്താവിച്ചു: "ആളുകൾ പ്രവാചക സന്നിധിയിൽ വന്ന് വളരെ ഉച്ചത്തിൽ സംസാരിക്കുമായിരുന്നു. അതു വിലക്കിക്കൊണ്ടാണ് രണ്ടാം സൂക്തം അവതരിച്ചത്." അത്യുച്ചത്തിൽ സംസാരിച്ചിരുന്നവരിൽ ഒരാളായിരുന്നു വത്രെ സാബിതുബ്നു ഖൈസ്. അദ്ദേഹത്തിന്റെ ഒച്ചയിടൽ പലപ്പോഴും പ്രവാചകന് അരോചകമായിരുന്നു. അതിനാൽ, അല്ലാഹു ഈ സൂക്തം അവതരിപ്പിച്ചു. ഈ സൂക്തം കേട്ടപ്പോൾ സാബിതുബ്നു ഖൈസ് തന്റെ ഒച്ചവയ്പിൽ ഖേദിക്കുകയും തൗബ ചെയ്യുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ടാണ് മൂന്നാം സൂക്തം അവതരിച്ചത്. ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നതിങ്ങനെയാണ്: "രണ്ടാം

സൂക്തം അവതരിച്ചപ്പോൾ അബൂബക്ർ (റ), ഇനി താൻ റസൂലിനോട് വളരെ പതുക്കെ മാത്രമേ സംസാരിക്കൂ എന്ന് ശപഥം ചെയ്തു. അപ്പോഴാണ് മൂന്നാം സൂക്തം അവതരിച്ചത്.

സൈദ് ബിൻ അർഖം പ്രസ്താവിച്ചതായി ത്വബ്റാനിയും അബൂ യഅ്ലായും ഉദ്ധരിക്കുന്നു: "അറബികളായ കുറേ ആളുകൾ പ്രവാചകന്റെ ഭവനത്തിലേക്കു വന്നു. അവർ പുറത്തുനിന്ന് ഹേ മുഹമ്മദേ, ഹേ മുഹമ്മദേ എന്ന് ഉച്ചത്തിൽ വിളിക്കാൻ തുടങ്ങി. പ്രവാചകനെ അത് വല്ലാതെ അലോസരപ്പെടുത്തി. ഈ സന്ദർഭത്തിലാണ് 4-ാം സൂക്തം അവതരിച്ചത്." ഈദൃശ നിവേദനങ്ങൾ വേറെയും അനേകമുണ്ട്.

ഈ നിവേദനങ്ങളിൽനിന്ന് മൊത്തത്തിൽ മനസ്സിലാകുന്ന സംഗതി ഇതാണ്: ആദ്യകാലത്ത് ചില വിശ്വാസികൾ പ്രവാചകന്റെ മുന്നിൽ കയറിനിന്ന് അദ്ദേഹം കൈകാര്യം ചെയ്യുന്ന പ്രശ്നങ്ങളിൽ സ്വാഭിപ്രായങ്ങളും തീരുമാനങ്ങളും പ്രഖ്യാപിച്ചിരുന്നു. ചിലർ പ്രവാചകന്റെ സാന്നിധ്യത്തിൽ ഒരു മര്യാദയുമില്ലാതെ ഒച്ചയിട്ടു സംസാരിക്കാനും തർക്കിക്കാനും മടിച്ചിരുന്നില്ല. വിദൂര ദിക്കുകളിൽനിന്നുള്ള ചില അപരിഷ്കൃത ഗോത്രങ്ങളിൽനിന്നുള്ള സംഘങ്ങൾ പ്രവാചക ഭവനത്തിൽ വന്ന് ഹേ മുഹമ്മദേ, ഇറങ്ങിവരൂ, ഞങ്ങൾ നിന്നെ പ്രശംസിക്കാം, ഞങ്ങൾ വളരെ ഊറ്റമുള്ള കൂട്ടരാണ്, ഞങ്ങളുടെ പ്രശംസ മനോഹരമായിരിക്കും, ഞങ്ങൾക്ക് ചില ആവശ്യങ്ങളറിയിക്കാനുമുണ്ട്, എന്നാൽ ഓർത്തിരിക്കുക; ഞങ്ങളുടെ ശകാരം വളരെ വഷളായതുമായിരിക്കും എന്നൊക്കെ ജൽപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇത്തരം ദൂഷ്യങ്ങളിൽനിന്ന് വിശ്വാസികളെ സംസ്കരിക്കുകയും, പ്രവാചകനോടും അദ്ദേഹത്തിനു ശേഷം ഇസ് ലാമിക നേതൃത്വത്തോടുമുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട നിയമങ്ങളും മര്യാദകളും അനുശാസിക്കുകയുമാണീ സൂക്തങ്ങൾ.

മുന്തിക്കലും, നേരത്തെയാക്കലുമായ **تقديم** -ൽ നിന്നുള്ള വർത്തമാന ക്രിയയാണ് **تُقَدِّمُوا**. ഇതിന്റെ വിപരീതം **تأخير**. മുന്നോട്ടു വരുന്നതിനു സജ്ജരാകുന്നതിനും **قدُوم** എന്നു പറയും. **مقدّمة الجيش** സൈന്യത്തിന്റെ മുൻനിരയാണ്. നേരത്തെ ചെയ്തത് **ما قدّم** യും വൈകി ചെയ്തത് **ما تأخّر** യുമാണ്. ഇവിടെ **لَا تُقَدِّمُوا** എന്നതിന്റെ താൽപര്യത്തിൽ, പ്രവാചകന്റെ അഭിപ്രായം കേൾക്കാൻ കാക്കാതെ സ്വാഭിപ്രായം വിളമ്പുന്നതു മുതൽ അദ്ദേഹത്തിന്റെ മുന്നിൽ കയറി നടക്കുന്നതു വരെ ഉൾപ്പെടും. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മുന്നിൽ -**بَيْنَ يَدَيِ اللَّهِ وَرَسُولِهِ**- എന്ന വാക്ക് ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ മുന്നിൽ ആരും ഒന്നും മുന്തിക്കുന്നില്ല. മുന്തിക്കാൻ കഴിയുകയുമില്ല. എന്നിട്ടും ആദ്യം പരാമർശിച്ചത് അല്ലാഹുവിനെയാണ്. റസൂലിനെ മറികടക്കുമ്പോൾ ആദ്യം മറികടക്കുന്നത് അല്ലാഹുവിനെയാണെന്നാണതിനർഥം. റസൂൽ അല്ലാഹുവിന്റെ ദൂതനാണ്. അല്ലാഹുവിന്റെ ഉപദേശങ്ങളും തീരുമാനങ്ങളുമാണ് റസൂലിലൂടെ വെളിപ്പെടുന്നത്. അപ്പോൾ റസൂലിനെ മറികടക്കുന്നത് അല്ലാഹുവിനെ മറികടക്കലാകുന്നു. അല്ലാഹുവിനെ മറികടക്കലിന്റെ താൽപര്യം വേദത്തെ -കിത്താബിനെ- ഖുർആനിനെ മറികടക്കലും, റസൂലിനെ മറികടക്കൽ നബിചര്യയെ -സുന്നത്തിനെ- മറികടക്കലുമാകുന്നു.

അല്ലയോ സത്യവിശ്വാസികളേ -**يَا أَيُّهَا الَّذِينَ آمَنُوا** - എന്ന് സംബോധന ചെയ്തുകൊണ്ട് സൂറ തുടങ്ങുന്നതും അർഥവത്താണ്. സത്യവിശ്വാസികൾ നിർബന്ധമായി അനുസരിക്കേണ്ട നിയമങ്ങളാണിനി പറയുന്നതെന്നും സത്യവിശ്വാസം -ഈമാൻ- സാർഥകമാകാൻ അവ പാലിക്കപ്പെടേണ്ടതുണ്ടെന്നുമാണ് അതിന്റെ താൽപര്യം. ഇതുപോലുള്ള നിയമങ്ങൾ അനുശാസിക്കുന്ന മറ്റു നാലിടങ്ങളിൽ കൂടി ഈ സൂറയിൽ ഈ സംബോധന കാണാം. ഈ നിയമങ്ങളും മര്യാദകളും പാലിക്കുന്നതിലൂടെയാണ് വിശ്വാസികൾ മുത്തഖികൾ -അല്ലാഹുവിനെ സൂക്ഷിക്കുന്നവരും ഭയഭക്തിയുള്ളവരുമാകുന്നത്.

*സൂക്തസാരം:* വിശ്വാസികൾ വിശുദ്ധ ഖുർആനിനെയും പ്രവാചകനെയും മറികടന്ന് സ്വന്തമായ അഭിപ്രായങ്ങളാവിഷ്കരിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തുകൂടാ. അത് ഈമാനിനും തഖ് വക്കും നിരക്കാത്തതാകുന്നു. പ്രശ്നങ്ങളിൽ പ്രവാചകന്റെ ഉപദേശത്തിനും നിർദേശത്തിനും ചെവികൊടുക്കുകയും അത് ജാഗ്രതയോടെ അനുസരിക്കുകയുമാണ് വേണ്ടത്. പ്രവാചകൻ നൽകുന്നത് അല്ലാഹുവിന്റെ ഉപദേശങ്ങളും നിർദേശങ്ങളുമാകുന്നു. അങ്ങനെയല്ലാതെ സ്വന്തം നിലയിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളിൽ നിങ്ങളോട് കൂടിയാലോചിക്കാൻ അദ്ദേഹം കൽപിക്കപ്പെട്ടിട്ടുണ്ട്. **وَشَاوِرْهُمْ فِي الْأَمْرِ** (പ്രശ്നത്തിൽ അവരോട് കൂടിയാലോചന നടത്തുക -3:159). അല്ലാഹുവിന്റെ വിധികളിൽ കൂടിയാലോചനയുടെയോ അഭിപ്രായം തേടലിന്റെയോ ആവശ്യമില്ല. പ്രവാചകന്റെ അഭിപ്രായ

**വിശ്വാസികൾ വിശുദ്ധ ഖുർആനിനെയും പ്രവാചകനെയും മറികടന്ന് സ്വന്തമായ അഭിപ്രായങ്ങളാവിഷ്കരിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തുകൂടാ. അത് ഈമാനിനും തഖ് വക്കും നിരക്കാത്തതാകുന്നു. പ്രശ്നങ്ങളിൽ പ്രവാചകന്റെ ഉപദേശത്തിനും നിർദേശത്തിനും ചെവികൊടുക്കുകയും അത് ജാഗ്രതയോടെ അനുസരിക്കുകയുമാണ് വേണ്ടത്.**

മോ നിർദേശമോ അല്ലാഹുവിന്റെ വിധിതന്നെയാണോ എന്നു സംശയം തോന്നിയാൽ അക്കാര്യം അദ്ദേഹത്തോട് അന്വേഷിച്ച് ഉറപ്പുവരുത്താം. പ്രവാചക ശിഷ്യന്മാർ അപ്രകാരം അന്വേഷിക്കാറുണ്ടായിരുന്നു. ദൈവകൽപനയാണെങ്കിൽ താൻ പറഞ്ഞത് ദൈവകൽപനയാണെന്ന് തിരുമേനി അവരെ അറിയിക്കും. ശിഷ്യന്മാർ വിയോജിപ്പേതുമില്ലാതെ നിസ്സങ്കോചം അനുസരിക്കുകയും ചെയ്യും. പറഞ്ഞത് സ്വന്തം അഭിപ്രായമാണെന്നായിരിക്കും ചില സന്ദർഭങ്ങളിൽ പ്രവാചകന്റെ മറുപടി. അപ്പോൾ ശിഷ്യന്മാർ അതിനോട് വിയോജിച്ചുകൊണ്ട് സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കും. പ്രവാചകൻ ശിഷ്യന്മാരുടെ അഭിപ്രായം അംഗീകരിച്ച് സ്വഭിപ്രായം തിരുത്തിയ പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അല്ലാഹു വിശ്വാസികളുടെ സംസാരങ്ങളൊക്കെ കേൾക്കുകയും കർമങ്ങളൊക്കെ വ്യക്തമായി കാണുകയും ചെയ്യുന്നുണ്ടെന്ന് ഓർമിപ്പിക്കുകയാണ് إِنَّ اللَّهَ سَمِيعٌ عَلِيمٌ എന്ന വാക്യം.

ഖുർആനിനോടും സുന്നത്തിനോടുമുള്ള ഭിന്നതയുടെ അസന്ദിഗ്ധമായ പ്രതിബദ്ധതയോടൊപ്പം ഇജ്തിഹാദിന്റെ ആധാരങ്ങളുടെ ക്രമീകരണവും കൂടി ഈ സൂക്തം ഉൾക്കൊള്ളുന്നതായി ഫുഖഹാക്കൾ നിരീക്ഷിച്ചിരിക്കുന്നു. ഖുർആനും സുന്നത്തുമാണ് ഇജ്തിഹാദിന്റെ പ്രഥമവും ദ്വിതീയവുമായ അസ്തിവാരങ്ങൾ. മറ്റു ആധാരങ്ങളെല്ലാം ഇവയുടെ വികാസമാണ്. ഖിയാസ്, ഇജ്മാഅ്, മസ്വാലിഹുൽ മുർസലഃ, ഉർഫ് എന്നിങ്ങനെ ഇജ്തിഹാദീ പണ്ഡിതന്മാർ ആ വികാസത്തെ പല ഇനങ്ങളായി തിരിച്ച് വിശകലനം ചെയ്തിട്ടുണ്ട്. ഇമാം അഹ് മദും അബൂദാവൂദും തിർമിദിയും നിവേദനം ചെയ്ത ഒരു ഹദീസ് ഈ ക്രമീകരണത്തെ കൂടുതൽ വിശദമാക്കുന്നുണ്ട്. മുആദു ബ്നു ജബൽ എന്ന പ്രമുഖ ശിഷ്യനെ യമനിലേക്ക് ഗവർണറായി നിയമിച്ചപ്പോൾ പ്രവാചകൻ അദ്ദേഹത്തോട് ചോദിച്ചു: 'എന്തിനെ ആധാരമാക്കിയാണ് താൻ വിധി നടത്തുക?' മുആദ് പറഞ്ഞു: 'അല്ലാഹുവിന്റെ വേദത്തെ.' നബി ചോദിച്ചു: 'ഒരു വിഷയത്തിൽ തീരുമാനം പ്രസ്താവിക്കുന്ന പ്രമാണം വേദത്തിൽ കണ്ടില്ലെങ്കിലോ?' മുആദ്: 'അപ്പോൾ ഞാൻ പ്രവാചക ചര്യയെ അവലംബിക്കും.' പ്രവാചകൻ: 'അതിലും കണ്ടില്ലെങ്കിലോ?' മുആദ്: 'ഞാൻ സ്വന്തമായി അഭിപ്രായം രൂപീകരിക്കാൻ ഇജ്തിഹാദ് ചെയ്യും.' അപ്പോൾ നബി (സ) മുആദി(റ)ന്റെ മാറിടം തടവിക്കൊണ്ട് പറഞ്ഞു: 'ദൈവദൂതന്റെ ദൂതന് ദൈവദൂതൻ സംപ്രീതനാകുന്ന നടപടിക്ക് ഉതവിയരുളിയ ദൈവത്തിന് സർവസ്തുതിയും.' ഇവിടെ മുആദ് **حكم**-ന്റെ -ഭരണത്തിന്റെ- ആധാരമായി ആദ്യം ഖുർആനിനെയും പിന്നെ നബിചര്യയെയും അനന്തരം ഇജ്തിഹാദിനെയും പരാമർശിച്ചപ്പോൾ നബി (സ) ആ ക്രമീകരണം സന്തോഷപൂർവം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു.

**പ്രവാചകന്റെ സാന്നിധ്യത്തിൽ സംസാരിക്കുമ്പോഴുള്ള ശബ്ദ നിയന്ത്രണം അല്ലാഹു വിശ്വാസിയുടെ മനോഭാവത്തിന് ഏർപ്പെടുത്തുന്ന ഒരു പരീക്ഷണമാണ്. ആ മനസ്സുകളുടെ ദൈവഭക്തിയും സൂക്ഷ്മതയുമാണ് പരീക്ഷിക്കുന്നത്. അവിടെ പതുക്കെ മാത്രം സംസാരിക്കുന്നത് അല്ലാഹുവിനോടും റസൂലിനോടുമുള്ള വിധേയത്വത്തിന്റെയും ബഹുമാനത്തിന്റെയും പ്രചോദനത്താലാണ്.**

അല്ലാഹുവിനെയും റസൂലിനെയും മറികടന്നു തീരുമാനങ്ങളെടുക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുപോലെ നിഷിദ്ധമാകുന്നു ഒച്ചയിട്ടു സംസാരിക്കുന്നതും. ഉന്നതരോടും ബഹുമാന്യരായ നേതാക്കളോടും ഗുരുക്കന്മാരോടും സംസാരിക്കുന്നത് അവരുടെ ശബ്ദത്തെക്കാൾ താഴ്ന്ന ശബ്ദത്തിലായിരിക്കണം. ഒച്ചയിട്ടു സംസാരിക്കുന്നത് അവരോടുള്ള അനാദരവും അച്ചടക്ക ലംഘനവുമാകുന്നു. വിശ്വാസികൾ നേതാക്കളുടെ മുന്നിൽ മാത്രമല്ല എവിടെയും അനാവശ്യമായി ഒച്ചയിടരുത്.

**وَاغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ**

(നിന്റെ ശബ്ദം താഴ്ത്തണം. അരോചകമായ ശബ്ദം കഴുതയുടെ ശബ്ദം തന്നെ -31:19). എന്നാൽ പ്രവാചകനോട് സംസാരിക്കുന്നത് കിടയൊത്ത സാധാരണ ജനങ്ങളോട് സംസാരിക്കുന്നതിനെക്കാൾ പതുക്കെയായിരിക്കണം. അതാണ് **وَلَا تَجْهَرُوا لَهُ بِالْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ** എന്ന വാക്യത്തിന്റെ താൽപര്യം. **وَلَا تَجْهَرُوا** വിന് ഉറക്കെയാക്കരുത് എന്നും പരസ്യമാക്കരുത് എന്നും അർഥമുണ്ട്. രണ്ടർഥവും ഇവിടെ ഉദ്ദേശ്യമാകാം. ഒന്ന്, പ്രവാചകനോട് ഒച്ചവെച്ചു സംസാരിച്ചു കൂടാ. 2) താൻ പ്രവാചകനിൽ പ്രത്യേക അടുപ്പവും സ്വാധീനവുമുള്ളയാളാണെന്ന് മറ്റുള്ളവരെ കാണിക്കാൻ അവസരത്തിലും അനവസരത്തിലും പരസ്യമായി അദ്ദേഹത്തോട് സംസാരിച്ചുകൊണ്ടിരിക്കുക. 'ഹേ, മുഹമ്മദേ' എന്നും മറ്റും സംബോധന ചെയ്യുന്നതും ഇക്കൂട്ടത്തിൽ പെട്ടതാണ്. ഓ പ്രവാചകരേ, ദൈവദൂതരേ എന്നൊക്കെയാണ് സംസ്കാര സമ്പന്നരുടെ സംബോധന. ഖുർആൻ അങ്ങനെയാണ് പ്രവാചകനെ വിളിച്ചിട്ടുള്ളത്. മൂസാ, യഹ്‌യാ, സകരിയ്യാ തുടങ്ങിയ പല പ്രവാചകന്മാരെ ഖുർആൻ പേരു ചൊല്ലി സംബോധന ചെയ്യുന്നുണ്ടെങ്കിലും മുഹമ്മദേ -**يا محمّد**- എന്ന് എവിടെയും സംബോധന ചെയ്തിട്ടില്ല. യാ അയ്യുഹന്നബിയ്യു എന്നും യാ അയ്യുഹർറസൂലു എന്നുമാണ് സംബോധന. പ്രവാചകന്റെ സവിശേഷമായ സ്ഥാനത്തെയാ

ണത് സൂചിപ്പിക്കുന്നത്. ഉന്നത സ്ഥാനീയരെ അവരുടെ സ്ഥാനം സൂചിപ്പിക്കുന്ന വാക്കുകൊണ്ട് സംബോധന ചെയ്യുകയാണ് മര്യാദ. ഇമാമിനെ ഇമാം എന്നും ഖാദിയെ ഖാദിയെന്നും മുഖ്യമന്ത്രിയെ മുഖ്യമന്ത്രിയെന്നും ഗവർണറെ ഗവർണറെന്നും തന്നെ സംബോധന ചെയ്യണം. ആ സ്ഥാനങ്ങളെ അംഗീകരിക്കുകയും സ്ഥാനികളെ ആദരിക്കുകയും ചെയ്യുന്നു എന്ന ധ്വനികൂടിയുണ്ട് ആ സംബോധനയിൽ. ഉന്നത സ്ഥാനീയരെ അവരുടെ വ്യക്തിനാമങ്ങളിൽ വിളിക്കുന്നതിലുള്ളത് അവരെയും അവരുടെ സ്ഥാനത്തെയും മാനിക്കുന്നില്ല, കേവലം വ്യക്തിയായിട്ടേ കാണുന്നുള്ളൂ എന്ന ധ്വനിയാണ്.

പ്രവാചകന്റെ സാന്നിധ്യത്തിൽ സംസാരിക്കുമ്പോഴുള്ള ശബ്ദ നിയന്ത്രണം അല്ലാഹു വിശ്വാസിയുടെ മനോഭാവത്തിന് ഏർപ്പെടുത്തുന്ന ഒരു പരീക്ഷണമാണ്. ആ മനസ്സുകളുടെ ദൈവഭക്തിയും സൂക്ഷ്മതയുമാണ് പരീക്ഷിക്കുന്നത്. അവിടെ പതുക്കെ മാത്രം സംസാരിക്കുന്നത് അല്ലാഹുവിനോടും റസൂലിനോടുമുള്ള വിധേയത്വത്തിന്റെയും ബഹുമാനത്തിന്റെയും പ്രചോദനത്താലാണ്. അങ്ങനെ സംസാരിക്കുന്നവരുടെ മനസ്സുകൾ ആ പരീക്ഷണത്തിൽ വിജയിക്കുന്നു. അവർക്ക് അല്ലാഹുവിങ്കൽ പാപമോചനവും മഹത്തായ കർമഫലവും ലഭിക്കുന്നതായിരിക്കും. ചന്തയിൽ ചെന്നാലെന്നോണം പ്രവാചക സദസ്സിൽ ഒച്ചയിടുന്നവർ ആ പരീക്ഷയിൽ തോറ്റുപോയി. അവരറിയാതെ അവരുടെ പ്രവർത്തനങ്ങൾ നശിച്ചുപോയിരിക്കുന്നു. أَن تَحْبَطَ أَعْمَالُكُمْ എന്ന വാക്കിലെ أَن ന് മുമ്പ് لِ എന്നു ശേഷം لا എന്നും അനുക്തമാകുന്നു. ആ ശബ്ദങ്ങൾ ചേർത്ത് മനസ്സിലാക്കുമ്പോഴാണ് നിങ്ങളുടെ കർമങ്ങൾ നശിച്ചുപോകാതിരിക്കാൻ എന്ന അർഥം ലഭിക്കുക.

മുൻചൊന്ന മര്യാദകളൊന്നും പാലിക്കാതെ പ്രവാചക ഭവനത്തിനു പിറകിൽ ചെന്നു ഹേ മുഹമ്മദേ, ഇറങ്ങി വരൂ എന്നൊക്കെ വിളിച്ചുകൂവുന്നവർ ബുദ്ധിശൂന്യരായ അപരിഷ്കൃതരാണ്. أَكْثَرُهُمْ - അവരിലധികവും- എന്നു പറഞ്ഞത് അവർ മൊത്തത്തിൽ എന്ന അർഥത്തിലാണ്. ബുദ്ധിയും വിവേകവുമുള്ളവർ അക്കൂട്ടത്തിലെ അപവാദങ്ങളായിരിക്കും. ആക്ഷിപ്തരിൽ അവർ ഉൾപ്പെടാതിരിക്കാനാണ് أَكْثَرُهُمْ എന്നു പ്രയോഗിക്കുന്നത്. മുറിക്കും ഭവനത്തിനും حجرة എന്നു പറയും. അതിന്റെ ബഹുവചനമാണ് حُجُرَات. പ്രവാചക പത്നിമാരുടെ ഭവനങ്ങളാണ് ഇവിടെ ഉദ്ദേശ്യം. സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തിൽ, ഈ മര്യാദകേട് ചെയ്തത് അപരിഷ്കൃതരായ തമീം ഗോത്രത്തിൽനിന്ന് മദീനയിലെത്തിയ സംഘമായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ആ ഗോത്രത്തിൽനിന്നുള്ള കുറേ തടവുകാർ മദീനയിലുണ്ടായിരുന്നു. അവര മോചിപ്പിക്കണമെന്ന് ആവശ്യപ്പെടാനാണ് അവരെത്തിയതെന്നും പ്രസ്താവമുണ്ട്.

ഉറങ്ങാനും വിശ്രമിക്കാനുമാണ് പ്രവാചകൻ ഭവനങ്ങളിൽ തങ്ങാറുള്ളത്. അല്ലാത്തപ്പോൾ പുറത്തുപോയിട്ടില്ലെങ്കിൽ ശിഷ്യന്മാരോടൊപ്പം പള്ളിയിൽ സന്നിഹിതനായിരിക്കും. പ്രവാചകൻ പുറത്തിറങ്ങുന്നത് കാത്തിരിക്കുകയായിരുന്നു തമീമികൾ ചെയ്യേണ്ടിയിരുന്നത്. അതിനു ക്ഷമയില്ലാതെ അവർ പ്രവാചക ഭവനങ്ങൾക്കു പിറകു വശത്തു ചെന്നു വിളിച്ചുകൂവുകയായിരുന്നു. അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന ഭവനങ്ങളിൽ ഏതിലാണ് തിരുമേനി ഉള്ളതെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ് പിറകുവശത്തു ചെന്ന് വിളിച്ചത് എന്നു പ്രസ്താവമുണ്ട്.

എത്ര താമസിച്ചാലും നമസ്കാര സമയമാകുമ്പോൾ നബി (സ) പുറത്തുവരുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അക്ഷമരായി പ്രവാചക ഭവനത്തിലേക്കു ചെല്ലാതെ അതുവരെ കാത്തിരുന്നുവെങ്കിൽ, നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നതുപോലെ അതൊരു പുണ്യകർമം -خير- ആകുമായിരുന്നു. അവരുടെ അച്ചടക്കരാഹിത്യവും അപമര്യാദയും പരിഗണിച്ച് തമീമി തടവുകാരിൽ പകുതിപേർ മാത്രമേ വിട്ടയക്കപ്പെട്ടുള്ളൂവെന്നും ക്ഷമയോടെ കാത്തിരുന്നുവെങ്കിൽ മുഴുവനാളുകളും വിട്ടയക്കപ്പെടുമായിരുന്നുവെന്നും, അതാണ് لَكَانَ خَيْرًا لَّهُمْ -അതവർക്ക് ഖൈർ ആകുമായിരുന്നു- എന്നതിന്റെ താൽപര്യമെന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

അറിവില്ലായ്മകൊണ്ടും ജാഗ്രതക്കുറവുകൊണ്ടും ഇതുവരെ അനുവർത്തിച്ച അച്ചടക്ക രാഹിത്യവും അപമര്യാദയും അല്ലാഹു പൊറുത്തു തരുമെന്നു പ്രതീക്ഷിക്കാം. അടിമകളുടെ തെറ്റുകുറ്റങ്ങൾ ഏറെ മാപ്പാക്കുന്ന കരുണാമയനാണല്ലോ അവൻ. പ്രവാചകനോട് പെരുമാറുമ്പോൾ പ്രകടിപ്പിക്കേണ്ട ആദരവും മര്യാദയും ഇപ്പോൾ അവൻ നിങ്ങൾക്ക് വ്യക്തമായി പറഞ്ഞുതന്നിരിക്കുന്നു. ഇനി ആ പാഠങ്ങൾ മുറുകെപ്പിടിച്ചു തന്നെ മുന്നോട്ടു പോകണം. ഇതാണ് وَاللَّهُ غَفُورٌ رَّحِيمٌ എന്ന സമാപന വാക്യത്തിന്റെ സാരം. ●

**അറിവില്ലായ്മകൊണ്ടും ജാഗ്രതക്കുറവുകൊണ്ടും ഇതുവരെ അനുവർത്തിച്ച അച്ചടക്ക രാഹിത്യവും അപമര്യാദയും അല്ലാഹു പൊറുത്തു തരുമെന്നു പ്രതീക്ഷിക്കാം. അടിമകളുടെ തെറ്റുകുറ്റങ്ങൾ ഏറെ മാപ്പാക്കുന്ന കരുണാമയനാണല്ലോ അവൻ.**